5451292/2022

DB1

13.10.22

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം:ഡി.ഡി.2/317/2022/ത.സ്വ.ഭ.വ

തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്
തിരുവനന്തപുരം.
തീയതി: 11-10-2022

## സർക്കുലർ

വിഷയം:- എൽ.എസ്.ജി.ഡി.-ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ വിവിധ വകുപ്പുകളിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ആസൂത്രണ നിർവ്വണ സഹായത്തിനായും പദ്ധതികളുടെ സംയോജന പ്രവർത്തനം ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും സാങ്കേതിക സമിതികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

സൂചന:- 1. 22.07.2022-ലെ 33-മത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗത്തിന്റെ തീരുമാനം നം.5.1
2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഡയറക്ടറുടെ 26.08.2022, 16.09.2022 തീയതികളിലെ NREGA/856/2022-B1 നമ്പർ കത്തുകൾ

14/10/22

*********************

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണം ഫലപ്രദമാക്കുന്നതിനും പദ്ധതിയ്ക്ക് കീഴിലെ പ്രവൃത്തികളുടെ സംയോജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിവിധ തലങ്ങളിൽ സാങ്കേതിക പിന്തുണ ഉറപ്പ് വരുത്തേണ്ടതുണ്ടെന്നും ഇതിനായി ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ കൃഷി, മണ്ണ് സംരക്ഷണം, ഇറിഗേഷൻ, മൃഗസംരക്ഷണം, ക്ഷീരവികസനം തുടങ്ങി വിവിധ വകുപ്പുകളിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സാങ്കേതിക സമിതികൾ രൂപീകരിക്കണമെന്നും സൂചന (1) പ്രകാരം തീരുമാനിക്കുകയുണ്ടായി. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ തലങ്ങളിലും രൂപീകരിക്കേണ്ട സാങ്കേതിക സമിതിയുടെ ഘടന, സമിതിയുടെ ചുമതലകൾ, പ്രവർത്തന രീതി എന്നിവ വിശദമാക്കി സംസ്ഥാന തൊഴിലുറപ്പ് മിഷൻ ഡയറക്ടർ സൂചന (2) പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ടി നിർദ്ദേശങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ വിവിധ വകുപ്പുകളിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ആസൂത്രണ നിർവ്വണ സഹായത്തിനായും പദ്ധതികളുടെ സംയോജന പ്രവർത്തനം ഫലപ്രദമായി



Generated from eOffice by ARUN S PILLAI, HD5 LIDEW, HD5 LIDEW, LIDEW on 20/12/2022 06:10 PM

ഏകോപിപ്പിക്കുന്നതിനും ചുവടെ പറയുന്ന ഘടനയോടെ സാങ്കേതിക സമിതികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകുന്നു.

**ഗ്രാമപഞ്ചായത്ത് തലം**

| ചെയർപേഴ്സൺ | കൺവീനർ | മറ്റ് അംഗങ്ങൾ |
|---|---|---|
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | അഗ്രിക്കൾച്ചർ ഓഫീസർ |
| | | മെഡിക്കൽ ഓഫീസർ, മൃഗ സംരക്ഷണം |
| | | ഡയറി ഫാറം ഇൻസ്ട്രക്ടർ |
| | | ICDS സൂപ്പർവൈസർ |
| | | അസി.എഞ്ചിനീയർ, LID & EW |
| | | അസി.എഞ്ചിനീയർ. മൈനർ ഇറിഗേഷൻ |
| | | ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള മണ്ണ് സംരക്ഷണ ഓഫീസർ |
| | | SC, ST പ്രൊമോട്ടർമാർ |
| | | BPO ചുമതലപ്പെടുത്തുന്ന ബ്ലോക്ക്തല എക്സ്റ്റൻഷൻ ഓഫീസർ |
| | | NREGA അക്രഡിറ്റഡ് എഞ്ചിനീയർ |

ടി കമ്മിറ്റിയുടെ ചുമതലകൾ ചുവടെ പറയുന്നവയായിരിക്കും:

1. കാർഷിക കലണ്ടറും ലേബർ ബഡ്ജറ്റുമായുള്ള ബന്ധം അനുസരിച്ചാണോ പ്രവൃത്തികൾ തയ്യാറാക്കിയിട്ടുള്ളത് എന്നും നിർവഹണം നടത്തുന്നത് എന്നും പരിശോധിക്കുക;
2. സമഗ്ര നീർത്തട മാസ്റ്റർപ്ലാൻ അനുസരിച്ചാണോ ലേബർ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നും നിർവ്വഹണം നടത്തുന്നത് എന്നും പരിശോധിക്കുക;
3. ലേബർ ബഡ്ജറ്റും പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി ഉറപ്പ് വരുത്താനുള്ള സാങ്കേതിക ഉപദേശം നൽകൽ;
4. വിവിധ വകുപ്പ് പദ്ധതികളുമായും തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി ഉറപ്പ് വരുത്താനുള്ള സാങ്കേതിക ഉപദേശം നൽകൽ;
5. നിർവ്വഹണവുമായി ബന്ധപ്പെട്ട പരിശീലനാവശ്യങ്ങൾ കണ്ടെത്തി മേൽ തട്ടിലേക്ക് ശുപാർശ നൽകൽ;
6. മറ്റ് വികസന പരിപാടികളുമായുള്ള ഉദ്ഗ്രഥന സാധ്യത പരമാവധി ഉറപ്പ് വരുത്താനുള്ള സാങ്കേതിക ഉപദേശം നൽകൽ.

**ബ്ലോക്ക് പഞ്ചായത്ത് തലം**

| ചെയർപേഴ്സൺ | കൺവീനർ | മറ്റ് അംഗങ്ങൾ |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ബ്ലോക്ക് പ്രോഗ്രാം ഓഫീസർ | അഗ്രി. അസി.ഡയറക്ടർ |
| | | |



Generated from eOffice by ARUN S PILLAI, HD5 LIDEW, HD5 LIDEW, LIDEW on 20/12/2022 06:10 PM

| | | |
|---|---|---|
| പ്രസിഡന്റ് | | മെഡിക്കൽ ഓഫീസർ. മൃഗ സംരക്ഷണം |
| | | ക്ഷീര വികസന ഓഫീസർ |
| | | CDPO |
| | | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ. LID & EW |
| | | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ |
| | | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയുള്ള മണ്ണ് സംരക്ഷണ ഓഫീസർ |
| | | SCDO |
| | | STDO |
| | | JBDO (EGS) |
| | | NREGA അക്രഡിറ്റഡ് എഞ്ചിനീയർ |

ടി കമ്മിറ്റിയുടെ ചുമതലകൾ ഇനി പറയുന്നു:

1. കാർഷിക കലണ്ടറും, സമഗ്ര നീർത്തട മാസ്റ്റർപ്ലാനും അനുസരിച്ച് ലേബർ ബഡ്ജറ്റുകൾ രൂപീകരിക്കാനുള്ള സാങ്കേതിക ഉപദേശം നൽകൽ;
2. ബ്ലോക്ക്തലത്തിൽ സംയോജന പ്രവൃത്തികൾ കണ്ടെത്തി നൽകാനുള്ള സാങ്കേതിക ഉപദേശം നൽകൽ;
3. സംയോജന പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് സാങ്കേതിക ഉപദേശം ഗ്രാമപഞ്ചായത്തുകൾക്ക് നൽകൽ;
4. ഓരോ ത്രൈമാസവും ഗ്രാമപഞ്ചായത്തുകളുടെ പ്രവൃത്തികൾ അവലോകനം നടത്തി വിവിധ വകുപ്പ് പദ്ധതികളുമായും, തദ്ദേശ സ്ഥാപന പദ്ധതിയുമായും തൊഴിലുറപ്പ് പദ്ധതിയുടെ സംയോജന സാധ്യതകൾ പരമാവധി ഉറപ്പ് വരുത്തൽ.

**<u>ജില്ലാ പഞ്ചായത്ത് തലം</u>**

| ചെയർപേഴ്സൺ | കൺവീനർ | മറ്റ് അംഗങ്ങൾ |
|---|---|---|
| ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| | | ജില്ലാ മെഡിക്കൽ ഓഫീസർ. മൃഗസംരക്ഷണം |
| | | ജില്ലാ ക്ഷീരവികസന ഓഫീസർ |
| | | ജില്ലാ വനിതാ ശിശു വികസന ഓഫീസർ |
| | | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID & EW |
| | | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KSRRDA |
| | | എക്സിക്യൂട്ടീവ് എഞ്ചിനീയർ. ഇറിഗേഷൻ |

| | | |
|---|---|---|
| | | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ |
| | | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ |
| | | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| | | ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ/ പ്രൊജക്ട് ഓഫീസർ |
| | | ജില്ലാ വനിതാ ക്ഷേമ ഓഫീസർ |
| | | ജില്ലാ എഞ്ചിനീയർ NREGS |

ടി കമ്മിറ്റിയുടെ ചുമതലകൾ ഇനി പറയുന്നവയായിരിക്കും:

1. ജില്ലാ തലത്തിൽ സംയോജന പ്രവൃത്തികളുടെ കണ്ടെത്തൽ, പദ്ധതി രൂപീകരണം എന്നിവയുള്ള പൊതു മോണിട്ടറിംഗും ജില്ലാ പദ്ധതിയിൽ സംയോജന സാധ്യതയുള്ള പ്രവൃത്തികൾ കണ്ടെത്തി നൽകാനുള്ള നടപടികളും:
2. ജില്ലാ ഇറിഗേഷൻ പദ്ധതിയുമായുള്ള സംയോജന സാധ്യത ഉറപ്പ് വരുത്തൽ;
3. നീർത്തട വികസന പ്രവൃത്തികൾക്കുള്ള ജില്ലാ തല സഹായങ്ങൾ നൽകൽ;
4. സംയോജന പ്രവൃർത്തികളുടെ നിർവ്വഹണ മോണിട്ടറിംഗ്.

ഇത്തരം സാങ്കേതിക സമിതികൾക്ക് വിവിധ തദ്ദേശ ഭരണ സ്ഥാപന പദ്ധതികളെയും വകുപ്പ് പദ്ധതികളെയും തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനുള്ള സാങ്കേതിക ഉപദേശം നൽകുന്നതിനുള്ള ചുമതല ഉണ്ടായിരിക്കുന്നതോടൊപ്പം വകുപ്പുകളുടെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ചുമതല ഉണ്ടായിരിക്കുന്നതാണ്. മേൽ പറഞ്ഞ സാങ്കേതിക സമിതികൾ മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ബിജുക്കുട്ടൻ എം എസ്
അഡീഷണൽ സെക്രട്ടറി
ഉത്തരവിൻ പ്രകാരം

Signed by Nisam N
Date: 12-10-2022 11:24:47
സെക്ഷൻ ഓഫീസർ.

പകർപ്പ്



Generated from eOffice by ARUN S PILLAI, HD5 LIDEW, HD5 LIDEW, LIDEW on 20/12/2022 06:10 PM

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ഡയറക്ടർ, കൃഷി വകുപ്പ്
ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്
ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനിയർ, ഇറിഗേഷൻ
ഡയറക്ടർ, മണ്ണ് സംരക്ഷണ വകുപ്പ്
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
ചീഫ് എഞ്ചിനിയർ, കേരള സ്റ്റേറ്റ് റൂറൽ റോഡ് ഡവലപ്മെന്റ് ഏജൻസി
എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ